പ്പിടുത്തി പരിശീലനത്തിന് എടുക്കേണ്ട കാര്യമില്ല എന്ന് നിശ്ചയിച്ചു. കാണും പാസ്സാകുന്നവർ എവിടെയെങ്കിലും പോയി ജോലി കിട്ടാൻ ഇടവാട്ടേ എന്നതാണ്. വിദേശങ്ങളിൽ പോകുന്നതിനുപോലും ഗവൺമെൻറിന്റെ അനുവാദം വാങ്ങിക്കാൻ ബുദ്ധിമുട്ട് വന്നപ്പോഴും അവർക്ക് സ്വതന്ത്രമായി എവിടെയെങ്കിലും ജോലിചെയ്യാനുള്ള അവസരം കൊടുക്കാൻവേണ്ടി ബോണ്ടിൽനിന്ന് അവരെ യഥാർത്ഥത്തിൽ ഒഴിവാക്കുകയാണ് ചെയ്തത്. അങ്ങനെ ബോണ്ടിൽനിന്ന് ഒഴിവാക്കുന്ന അവസരത്തിൽ അവർക്ക് കൊടുക്കുന്ന സ്റ്റൈപെൻഡ് ആവശ്യമില്ല. കാരണം അവർക്ക് പഠിച്ച് മറ്റു വിദ്യാർത്ഥികളെപ്പോലെ പോകാൻ സ്വാതന്ത്ര്യമുണ്ട്. അതേയവസരത്തിൽ അവർക്ക് താമസിക്കാനുള്ള സൗകര്യവും ഫീസ് കൂടാതെ പഠിക്കാനുള്ള സൗകര്യത്തനുള്ള സംവിധാനവും തുടരുകയാണ്. ഈ ബോണ്ടില്ലാത്തതുകൊണ്ട് അവർക്ക് സ്റ്റൈപെൻഡ്.....

ഇപ്പോഴുള്ള വിദ്യാർത്ഥികളെ അത് ബാധിക്കുന്നില്ല. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞതുപോലെ ഇപ്പോഴും പഠിച്ചുകൊണ്ടിരിക്കുന്ന വിദ്യാർത്ഥികളെ അത് ബാധിക്കുന്നില്ല. പുതിയതായി ഇനി എടുക്കുന്ന കുട്ടികൾക്ക് ബോണ്ട് ആവശ്യമില്ല. അങ്ങനെ ബോണ്ട് ആവശ്യമില്ലാത്ത കുട്ടികളെ സംബന്ധിച്ചിടത്തോളം ആ കുട്ടികൾക്ക് സ്റ്റൈപെൻഡ് കൊടുക്കുകയില്ല. അതിന്റെ പ്രതിനിധികളോട് ഞാൻ സംസാരിച്ചു. സംസാരിക്കാതെ ഇരുന്നില്ല. യൂണിഫോമിനെ സംബന്ധിച്ച് അവർക്ക് ഒരു കേസ്സുണ്ട്. കാരണം പഠിക്കാൻ വരുന്നവരായാലും ശരി മറ്റു നേഴ്സുമാരായാലും ശരി യൂണിഫോമിട്ട് വരുമ്പോൾ പഠിക്കാൻ വരുന്ന കുട്ടികൾക്ക് അതിന്റെ ബുദ്ധിമുട്ട് അനുഭവപ്പെടുന്നു. അതുകൊണ്ട് യൂണിഫോമിന്റെ കാര്യത്തിൽ ഞാൻ ആലോചിക്കാമെന്നും അവരെ അറിയിച്ചിട്ടുണ്ട്. ഏതായാലും ഈ കാര്യത്തിൽ ഗവൺമെൻറ് എടുത്തിട്ടുള്ള നിലപാട് അതാണ്. അവർക്ക് താമസത്തിന് യാതൊരു ബുദ്ധിമുട്ടും ഇല്ല. ഇവിടെ ഹോസ്റ്റലിന്റെ കാര്യം പറഞ്ഞു. ഹോസ്റ്റൽ ഫീസ് കൊടുക്കണ്ട. പഠിക്കാനുള്ള ഫീസ് കൊടുക്കണ്ട. യൂണിഫാമിന്റെ കാര്യം തീർച്ചയായിട്ടും ഗവൺമെൻറ് അനുഭാവപൂർവ്വം ആലോചിച്ച് അറിയിക്കാമെന്നും പറഞ്ഞിട്ടുണ്ട്.

ശ്രീ. ഇ. കെ. നായനാർ : ട്രെയിനിംഗ് പീരീഡിൽ അവരെ ആശുപത്രിയിൽ ജോലി ചെയ്യിപ്പിക്കുന്നുണ്ടല്ലോ. അതാണ് അവർ സ്റ്റൈപെൻഡ് ചോദിച്ചത്. അവർക്ക് അവിടെ ഈ ട്രെയിനിംഗ് പീരീഡിൽ ജോലിയുണ്ട്. ഇതിനെ സംബന്ധിച്ചും ആലോചിച്ചിട്ട് ഈ സമരത്തിന്റെ നേതാക്കൻമാരുമായി അല്ലെങ്കിൽ അതിന്റെ പ്രതിനിധികളുമായി ചർച്ച ചെയ്ത് ഇത് പരിഹരിക്കാൻ ഒരു സമീപനം കൈക്കൊള്ളുമോ ?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : ചർച്ച ചെയ്യുന്നതിൽ ഒരിക്കലും പിന്നിക്ക് വിഷമമില്ല. പഠിച്ച കുട്ടികൾക്ക് പഠിച്ചതിന്റെ പരിശീലനത്തിന്റെ കോഴ്സ് കംപ്ലീറ്റു ചെയ്യൽ മാത്രമാണ്. അത് പഠിത്തത്തിന്റെ ഭാഗം മാത്രമാണ്.

IV മേശപ്പുറത്തുവച്ച കടലാസ്

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. തച്ചടി പ്രഭാകരൻ) : സർ, 1986-ലെ കേരള കണ്ടിൻജൻസി ഫണ്ട് (ഭേദഗതി) ഓർഡിനൻസ് 1986-ലെ (പ്രാ. നമ്പർ ഓർഡിനൻസ്) ഞാൻ മേശപ്പുറത്തു വയ്ക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly